ഭക്ഷ്യവകുപ്പ് നടത്തുന്ന വിൽപ്പനശാലകൾ

30 [2893] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവകുപ്പിന്റെ കീഴിലെ വിവിധ സ്ഥാപനങ്ങളുടെ കീഴിൽ സംസ്ഥാനത്ത് എത്ര വിൽപ്പനശാലകൾ ഏതെല്ലാം പേരിൽ പ്രവർത്തിക്കുന്നു എന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വിൽപ്പനശാലകളിൽ വിൽക്കുന്ന സാധനങ്ങൾക്ക് പൊതു വിപണിയിൽ നിന്നും കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തുവാൻ എന്തെങ്കിലും സംവിധാനമുണ്ടോ; എങ്കിൽ ഓരോ സ്ഥാപനത്തിനും ഉള്ള സംവിധാനം എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നതിനായി ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ധനസഹായം സബ്സിഡി നൽകുന്നതെന്നും ഓരോ സ്ഥാപനത്തിനും എന്തു തുകയാണ് പ്രതിവർഷം സബ്സിഡി നൽകിയതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ 14,131 റേഷൻ കടകളുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.†

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനത്തെ മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, മൊബൈൽ മാവേലി സ്റ്റോറുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, പെട്രോൾ ബങ്കുകൾ, എൽ.പി.ജി. ഔട്ട്ലെറ്റുകൾ, മണ്ണെണ്ണ ഡിപ്പോ, മാവേലി കഫ്റ്റേറിയ എന്നീ വിൽപ്പന ശാലകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ആൽത്തറ പെട്രോൾ ബങ്കിൽ ഒരു കൺവീനിയന്റ് സ്റ്റോർ കൂടി പ്രവർത്തിച്ചുവരുന്നു. അവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം 'ബി' ആയി ഇതോടൊപ്പം അടക്കം ചെയ്യുന്നു.†

(ബി) കേന്ദ്ര സർക്കാർ സബ്സിഡിയോടുകൂടി അലോട്ട് ചെയ്യുന്ന അരിയും ഗോതമ്പും മണ്ണെണ്ണയുമാണ് റേഷൻ കടകളിൽ കൂടി വിതരണം ചെയ്യുന്നത്. അതുപോലെ പഞ്ചസാര ലെവി നിരക്കിൽ മില്ലുകളിൽ നിന്നും നേരിട്ട് എടുത്താണ് വിതരണം ചെയ്യുന്നത്.

പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അതിന്റെ സംസ്ഥാനത്തൊട്ടാകെയുള്ള ചില്ലറ വിൽപ്പന ശാലകളായ 839 മാവേലി സ്റ്റോറുകളിലൂടെയും 21 മൊബൈൽ മാവേലി സ്റ്റോറുകളിലൂടെയും 26 ലാഭം മാർക്കറ്റുകളിലൂടെയും ചെറുപയർ, ഉഴുന്ന് പരിപ്പ്,

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉഴുന്ന് പിളർപ്പ്, കടല (വലുത്), കടല (ചെറുത്), വൻപയർ, തുവരപ്പരിപ്പ്, പീസ് പരിപ്പ്, മുളക്, മല്ലി, കടുക്, ജീരകം, ഉലുവ എന്നീ 13 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു കമ്പോളത്തിലെ വിലയേക്കാൾ 10 ശതമാനം മുതൽ 30 ശതമാനം വരെ വിലക്കുറച്ച് സർക്കാർ അതാത് മാസം നിശ്ചയിക്കുന്ന വിലയ്ക്ക് വിറ്റുവരുന്നു. തന്മൂലം പൊതു കമ്പോളത്തിലെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുവാൻ കഴിയുന്നുണ്ട്.

(സി) നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നതിനായി സർക്കാരിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷന് ധനസഹായം സബ്സിഡി നൽകുന്നുണ്ട്. 1997 മുതൽ പ്രതിവർഷം സബ്സിഡിയായി ലഭിച്ചിട്ടുള്ള തുകയുടെ വിവരം താഴെക്കൊടുക്കുന്നു.

1997-1998	..	50	കോടി രൂപ
1998-1999	..	50	,,
1999-2000	..	56.77	,,
2000-2001	..	37	,,
2001-2002	..	33	,,
2002-2003	..	50	,,
2003-2004	..	30	,,

പൊതുവിതരണ വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി

31 [2894] ശ്രീ. റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഘട്ടംവരെയായി എന്നറിയിക്കാമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരത്തെ ജില്ലാ സപ്ലൈ ആഫീസും 6 സബ് ആഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞു. ശേഷിക്കുന്ന 13 ജില്ലാ സപ്ലൈ ആഫീസുകളിലും 63 താലൂക്ക് സപ്ലൈ ആഫീസുകളിലും കമ്പ്യൂട്ടർ റൂമുകളും ഫർണിച്ചറുകളും തയ്യാറാക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിനെ സർക്കാരിന്റെ ഭരണ നവീകരണ പരിപാടികളിൽ ഉൾപ്പെടുത്തി സേവനദായക പദ്ധതി നമ്പർ 6 ആയി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതിനാൽ വകുപ്പിന്റെ മൊത്തം പ്രവർത്തനവും അടുത്ത വർഷത്തോടുകൂടി കമ്പ്യൂട്ടർവൽക്കരിക്കപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly